

കവർസ്റ്റോറി ●
വി.കെ അബ്ദു

# ബ്ലോഗ്
## ആശയ വിനിയമരംഗത്തെ അനന്ത സാധ്യതകൾ

**'പ്രിയ സഹോദരന്....** ഈ ബ്ലോഗ് കണ്ടതിനു ശേഷം എനിക്ക് താങ്കളെ അങ്ങനെ വിളിക്കുവാനാണ് തോന്നുന്നത്. ഒരുപാട് അന്വേഷിച്ച് നടന്നിട്ടും ലഭിക്കാതിരുന്ന ഒരു അമൂല്യ നിധിയാണ് താങ്കൾ ഈ ബ്ലോഗിൽ കുറിച്ചിട്ടിരിക്കുന്നത്. ഇതിനു മുമ്പ് വിശുദ്ധ ഖുർആന്റെ ചില ഇംഗ്ലീഷ് പരിഭാഷകളും, ഭാഗികവും വളരെ പരിമിതവുമായ ചില മലയാളം വ്യാഖ്യാനങ്ങളും മാത്രമേ ലഭിച്ചിരുന്നുള്ളൂ. സമ്പൂർണമായും മലയാളത്തിൽ ലഭ്യമാണെന്നറിയാമെങ്കിലും ശ്രമിച്ചിട്ടു കിട്ടിയില്ല. എന്തായാലും ഞാനിത് കോപ്പി ചെയ്തു സൂക്ഷിച്ചിരിക്കുന്നു. താങ്കളുടെ അനുമതിയുണ്ടെങ്കിൽ പി.ഡി.എഫ് ഫോർമാറ്റിലാക്കി താൽപര്യപ്പെടുന്നവർക്ക് ഇത് ഇ-മെയിൽ വഴി അയച്ചു കൊടുക്കാനും ആഗ്രഹിക്കുന്നു.

പലർക്കും ചെറുതെന്നു തോന്നിയേക്കാവുന്ന ഈ കാര്യം താങ്കളുടെ ജീവിതത്തിലെ തന്നെ വലിയൊരു പുണ്യ വൃത്തിയാണെന്ന് പറയാതെ വയ്യ. അവന്റെ നാമം വാഴ്ത്തുന്നവർ, അവന്റെ തത്ത്വം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ, അവനെന്ന സത്യം സത്യമെന്നറിയുകയും അവന് വേണ്ടി പണിയെടുക്കുകയും ചെയ്യുന്നവരത്രേ അവന് എക്കാലവും പ്രിയമുള്ളവർ. വിശുദ്ധ ബൈബിളിലും വിശുദ്ധ ഖുർആനിലും ശ്രീമദ് ഭഗവത് ഗീതയടക്കമുള്ള ഹൈന്ദവ ഗ്രന്ഥങ്ങളിലും ഇത് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സുവ്യക്തമായി നമുക്ക് ദർശിക്കാൻ കഴിയും. എല്ലാ മതങ്ങളുടെയും ആത്യന്തിക ലക്ഷ്യമായ ആ സാക്ഷാത്കാരത്തിനായത്രേ നാമേവരും ജീവിക്കുന്നതു തന്നെ.

നിത്യ ജീവിതത്തിന്റെ തിരക്കിനിടയിലും ഇങ്ങനെ ഒരു മഹാപുണ്യപ്രവൃത്തി ചെയ്യാൻ തോന്നിയ താങ്കളിലെ വിശ്വാസത്തെയും സമർപ്പണത്തെയും ഹൃദയ പൂർവം നമിക്കുന്നു. ഇക്കാര്യത്തിൽ വിമർശനങ്ങൾക്ക് അധികം വില കൊടുക്കേണ്ടതില്ലെന്നാണ് ഈയുള്ളവന്റെ അഭിപ്രായം. (വിമർശിക്കുന്നവരുടെ ഉദ്ദേശ്യ ശുദ്ധി കൂടി പരിഗണിക്കണമല്ലോ? - മറ്റാർക്കും ഇങ്ങനെയൊന്ന്

ബ്ലോഗ് എന്ന ചുരുക്ക പേരിലറിയപ്പെടുന്ന 'വെബ് ലോഗു'കൾ സ്വതന്ത്ര ആശയവിനിമയോപാധി എന്ന നിലക്ക് ഇതിനകം നെറ്റിലെ സജീവ സാന്നിധ്യമായിരിക്കുകയാണ്. മലയാളികൾക്കിടയിലും ബ്ലോഗ് ഹരമായി മാറിയിരിക്കുന്നു. ഗൾഫുകാരുൾപ്പെടെയുള്ള വിദേശ മലയാളികളാണ് ഇതിന്റെ ഉപയോഗത്തിൽ മുൻപന്തിയിലുള്ളത്. പതിനായിരത്തോളം ബ്ലോഗുകൾ ഇതിനകം മലയാള ഭാഷയിൽ നിലവിൽ വന്നുവെന്നാണ് കണക്ക്.

ചെയ്യാൻ തോന്നിയുമില്ലല്ലോ?). ഇവിടെ താങ്കളെ വിമർശിക്കാൻ പരമകാരുണികനായ അല്ലാഹുവിന് മാത്രമാണധികാരം എന്നെന്റെ മനസ്സ് പറയുന്നു... അതങ്ങനെ തന്നെയാവട്ടെ. ഹൃദയപൂർവം - ജയകൃഷ്ണൻ കാവാലം.'

ഖത്തറിൽ ജോലി ചെയ്യുന്ന ചാവക്കാട് സ്വദേശി മുഹമ്മദ് സഗീർ പണ്ടാരത്തിലിന്റെ 'ഖുർആൻ മലയാള പരിഭാഷ' എന്ന ബ്ലോഗിൽ കൊടുത്ത വിശുദ്ധ ഖുർആനിലെ 'അന്നിസാഅ്' അധ്യായത്തിന്റെ മലയാളം പരിഭാഷ വായിച്ച ജയകൃഷ്ണൻ അതേ ബ്ലോഗിൽ തന്നെ നൽകിയ ഒരു കമന്റാണിത്.

'ജയ കൃഷ്ണന്, താങ്കളുടെ കമന്റ് വായിച്ചു. വളരെയേറെ സന്തോഷം. തീർച്ചയായും ഞാൻ അനുമതി തരുന്നു. താങ്കളുടെ ഇത്തരമൊരു ചിന്തക്ക് എത്ര തന്നെ പ്രശംസിച്ചാലും ഒന്നും ആവില്ല എന്നറിയാം. ഞാൻ ഒരു പുണ്യ പ്രവർത്തനം ചെയ്തുവെങ്കിൽ താങ്കൾ ചെയ്യാൻ പോകുന്നത് അതിലേറെയാണ്'. ബ്ലോഗിലൂടെ മുഹമ്മദ് സഗീറിന്റെ മറുപടി. രണ്ടു പേരും പരസ്പരം പരിചയമില്ലാത്തവർ. അവർ ബന്ധപ്പെടുന്നത് ബ്ലോഗിലൂടെ മാത്രം. ഒരുപാട് അന്വേഷിച്ചു നടന്നിട്ടും ലഭിക്കാതിരുന്ന വിശുദ്ധ ഖുർആനിലെ ആ 'അമൂല്യ നിധി'യാണ് ജയകൃഷ്ണനെയും മുഹമ്മദ് സഗീറിനെയും പരസ്പരം ബന്ധിപ്പിച്ചത്. http://khuran.blogspot.com എന്ന ബ്ലോഗിലൂടെ അവരുടെ ഈ സൗഹൃദം വളരുകയാണ്.

പൂനെയിൽ ജോലി ചെയ്യുന്ന പാലക്കാട് ജില്ലയിലെ കരിമ്പ സ്വദേശിയായ ഷിജു അലക്സ് തന്റെ 'അന്വേഷണം' എന്ന ബ്ലോഗിൽ (http://shijualex.blogspot.com) 'വിശുദ്ധ ഖുർആനും മലയാളം വിക്കിഗ്രന്ഥശാലയിൽ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച പോസ്റ്റ് തുടങ്ങുന്നത് ഇങ്ങനെ. 'വളരെ നാളത്തെ കാത്തിരിപ്പിന് ശേഷം ഖുർആന്റെ മലയാളം പരിഭാഷയും മലയാളം വിക്കിഗ്രന്ഥശാലയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. ഖുർആന്റെ മലയാള പരിഭാഷ വിക്കിയിൽ ചേർക്കാൻ ആവശ്യമായ വിധത്തിൽ 'ഖുർആൻ മലയാളം' (www.quranmalayalam.com) എന്ന സൈറ്റിലെ ഡാറ്റാബെയ്സ് ഷെയർ ചെയ്യുകയും ഇതിന് ആവശ്യമായ എല്ലാ അനുമതിയും സഹായങ്ങളും ചെയ്തു തന്ന ഖുർആൻ മലയാളം സൈറ്റിന്റെ വെബ് മാസ്റ്റർ ശ്രീ. ഹിശാം കോയ അവർകളോടുള്ള പ്രത്യേക നന്ദി ഇത്തരുണത്തിൽ രേഖപ്പെടുത്തട്ടെ. കണ്ടന്റ് വിക്കിയിലിടുന്നതിന് വിക്കിയിലെ ഒരു ഉപയോക്താവായ ശ്രീ. അനൂപനും സഹകരിച്ചു. അദ്ദേഹത്തിനും നന്ദി. നെറ്റിൽനിന്നുള്ള കണ്ടന്റ് വിക്കി ഫോർമാറ്റിലേക്ക് കൊണ്ടുവരുന്നതിന് ഞങ്ങൾക്ക് സഹായകമായ രീതിയിൽ ഒരു എക്സ്ൽ മാക്രോ എഴുതി തന്ന പ്രമുഖ ബ്ലോഗറായ ശ്രീ. തമനുവിനോടുള്ള പ്രത്യേക നന്ദി അറിയിക്കട്ടെ. അത് ഇല്ലായിരുന്നെങ്കിൽ ഈ അടുത്തൊന്നും ഖുർആന്റെ വിക്കിവത്കരണം പൂർത്തിയാവുമായിരുന്നില്ല. ഖുർആന്റെ ആദ്യത്തെ അധ്യായത്തിലേക്കുള്ള ലിങ്ക്: (http://ml.wikisource.org/wiki/Holy_Quran/Chapter_1). ഈ താളിൽ എത്തിപ്പെട്ടാൽ പിന്നെ ഖുർആന്റെ ഏത് അധ്യായത്തിലേക്ക് പോകാനും എളുപ്പമാണ്. അതിന് സഹായകമായ രീതിയിൽ ഓരോ അധ്യായത്തിലും നിരവധി നാവിഗേഷൻ ടെംപ്ലേറ്റുകൾ ചേർത്തിട്ടുണ്ട്. ഈ നാവിഗേഷൻ ടെംപ്ലേറ്റുകൾ നിർമിക്കുന്നതിനാണ് കുറെ സമയം ചെലവായത്...'

നെറ്റിലെ സ്വതന്ത്ര വിജ്ഞാനകോശത്തിന്റെ ഭാഗമായ 'മലയാളം വിക്കിഗ്രന്ഥശാലാ' സംരംഭത്തിലൂടെ പരസ്പരം ബന്ധപ്പെട്ട ഷിജു അലക്സും ഹിശാം കോയയും അനൂപനും തമനുവും വിശുദ്ധ ഖുർആന്റെ മലയാളം പതിപ്പ് നെറ്റിൽ ലഭ്യമാക്കിയതിന് നടത്തിയ ശ്രമങ്ങളാണ് ഷിജു അലക്സ് തന്റെ ബ്ലോഗിലൂടെ വിവരിക്കുന്നത്.

ഇതാണ് ബ്ലോഗിന്റെയും ബ്ലോഗർമാരുടെയും ലോകം. ആ വിശാല മനസ്കതയും സഹകരണ മനോഭാവവും മാതൃകാപരമായിരിക്കുന്നു. ബ്ലോഗ് എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന 'വെബ് ലോഗ്'കൾ സ്വതന്ത്ര ആശയവിനിമയോപാധി എന്ന നിലക്ക് ഇതിനകം നെറ്റിലെ സജീവ സാന്നിധ്യമായിരിക്കുകയാണ്. മലയാളികൾക്കിടയിലും ബ്ലോഗ് ഹരമായി മാറിയിരിക്കുന്നു. ഗൾഫുകാരുൾപ്പെടെയുള്ള വിദേശ മലയാളികളാണ് ഇതിന്റെ ഉപയോഗത്തിൽ മുൻപന്തിയിലുള്ളത്. പതിനായിരത്തോളം ബ്ലോഗുകൾ ഇതിനകം മലയാള ഭാഷയിൽ നിലവിൽ വന്നുവെന്നാണ് കണക്ക്. മലയാള ഭാഷക്ക് ഏകീകൃത യൂണികോഡ് നിലവിൽ വന്നതാണ് മലയാള ഭാഷയിലും ഇങ്ങനെയൊരു കുതിപ്പുണ്ടാകാൻ കാരണം. ലോകത്തിലെ എല്ലാ ഭാഷകളും ഇന്റർനെറ്റിലൂടെ അനായാസം കൈകാര്യം ചെയ്യുന്നതിനായി പ്രമുഖ കമ്പ്യൂട്ടർ കമ്പനികൾ ചേർന്ന് രൂപം നൽകിയ കൺസോർഷ്യമാണ് മലയാളം യൂണികോഡിനും രൂപം നൽകിയത്. സംസ്ഥാന സർക്കാർ അതിന് വലിയ പ്രോത്സാഹനം നൽകുകയും ചെയ്തു. വിവിധ സെർച്ച് എഞ്ചിനുകളിൽ കയറി മലയാളത്തിൽ തെരച്ചിൽ നടത്താൻ ഇതോടെ സാധ്യമായിരിക്കുന്നു. മലയാള ദിനപത്രങ്ങളും വാരികകളും ഇതര പ്രസിദ്ധീകരണങ്ങളുമൊക്കെ യൂണികോഡിലേക്ക് കൂടുമാറുന്ന തിരക്കിലാണിപ്പോൾ. മലയാളം വെബ്സൈറ്റുകളും ഈ രീതിയിൽ യൂണികോഡിലേക്ക് പറിച്ചുനടാൻ സമീപ ഭാവിയിൽ ബന്ധപ്പെട്ടവർ നിർബന്ധിതരാവും.

ആശയവിനിമയത്തിനായി വെബ്ബിൽ സൂക്ഷിക്കുന്ന അറിവിന്റെ ശകലങ്ങളാണ് ബ്ലോഗുകളെന്ന് പറയാം. വ്യക്തികളുടെ ചിന്തകളും ആശയങ്ങളും പങ്കുവെക്കുന്ന ഓൺലൈൻ ഡയറിക്കുറിപ്പുകളെന്നും ഇതിനെ വിശേഷിപ്പിക്കാം. ആർക്കും എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതാണ് ബ്ലോഗ് നിർമാണവും പരിപാലനവും. വിവരസാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന ഒരുപറ്റം കമ്പ്യൂട്ടർ വിദഗ്ധർ 1997-ൽ വ്യക്തിഗത ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ ഈ നവീന രീതിക്ക് തുടക്കമിട്ടു. സ്വന്തമായി ബ്ലോഗ് കൈകാര്യം ചെയ്യുന്നവർക്ക് 'ബ്ലോഗർ' എന്ന് പറയുന്നു. ബ്ലോഗിൽ വിവരങ്ങൾ ചേർത്ത് നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന പ്രക്രിയയാണ് ബ്ലോഗിംഗ്. 'ബൂലോഗ'മെന്നാണ് ബ്ലോഗിന്റെ മലയാള ഭാഷ്യം. ബ്ലോഗ് ചെയ്യുന്നവരെ 'ബ്ലോഗൻ', 'ബ്ലോഗിനി' എന്നിങ്ങനെ ലിംഗവിഭജനം നടത്തുകയും ചെയ്യാം. ഒരാൾക്ക് എത്ര ബ്ലോഗുകൾ വേണമെങ്കിലും നിർമിച്ച് പരിപാലനം ചെയ്യാവുന്നതാണ്. ഇത്തരം

**മലയാള ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇപ്പോൾ ബ്ലോഗിന് വൻപ്രാധാന്യമാണ് നൽകുന്നത്. ബ്ലോഗിലെ പോസ്റ്റുകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാനും ചില മാധ്യമങ്ങൾ മുന്നോട്ടുവന്നിരിക്കുന്നു. മലയാളത്തിലെ ബ്ലോഗ് പോസ്റ്റുകൾ പുസ്തക രൂപത്തിലും ഇതിനകം പ്രസിദ്ധീകരിച്ചു.**

ബ്ലോഗുകളിൽ ചിലതെങ്കിലും പൂർണമായും വ്യക്തികളെ പ്രതിനിധാനം ചെയ്യുന്നവയായിരിക്കും. അതേസമയം വ്യക്തികൾക്ക് അജ്ഞാതരായി വർത്തിക്കാനുള്ള ഇത്രയും വലിയ സൗകര്യം ഇന്റർനെറ്റൊരുക്കുന്ന ഈ സൈബർ ലോകത്ത് മാത്രമേ ലഭിക്കൂ.

വെബ്സൈറ്റ് നിർമാണത്തെപ്പോലെ ബ്ലോഗ് നിർമാണത്തിന് സാങ്കേതിക പരിജ്ഞാനം ഒട്ടും ആവശ്യമില്ല. സാമ്പത്തിക ചെലവും ഇല്ല. ഇ-മെയിൽ അക്കൗണ്ട് നിർമിക്കുന്ന അതേ എളുപ്പത്തിൽ ബ്ലോഗ് പേജും നിർമിക്കാൻ സാധിക്കും. blogger.com, wordpress.com, blogsome.com, blogg.co.uk, digg.com, rediff.com, indiatimes.com, 360.yahoo.com, livejournal.com തുടങ്ങിയ ഒട്ടേറെ സൈറ്റുകൾ ഈ സേവനം സൗജന്യമായി നൽകിവരുന്നു. വെബ്സൈറ്റുകൾ ബ്ലോഗുകളാക്കി പേഴ്സണലൈസ് ചെയ്യുമ്പോൾ ഉപയോക്താക്കൾ കൂടുകയും അതുവഴി ഇന്റർനെറ്റ് ഉപയോഗം വർധിക്കുകയും ചെയ്യുന്നു. ഇതിന്റെ ചില നേട്ടങ്ങൾ 'ബ്ലോഗ് പേജുകൾ' സൂക്ഷിക്കുന്ന സൈറ്റുകൾക്ക് കൈമാററം ചെയ്യപ്പെടുമെന്നതുകൊണ്ടാണ് ഗൂഗിൾ തുടങ്ങിയ വമ്പന്മാർ ബ്ലോഗുകൾ ചെയ്യാനുള്ള സൗകര്യം സൗജന്യമായി ലഭ്യമാക്കുന്നത്. പ്രതികരണങ്ങളയക്കാൻ അവസരം നൽകുന്നതിലൂടെ വായനക്കാർക്കും സജീവപങ്കാളിത്തം നൽകുന്നുവെന്നതാണ് മറ്റു വെബ് പേജുകളിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നത്. എഴുത്തുകാർക്ക് ഏത് വിഷയത്തെക്കുറിച്ചും എപ്പോൾ വേണമെങ്കിലും എഴുതി പ്രസിദ്ധീകരിക്കാൻ സാധിക്കുന്നുവെന്നത് ഇവയുടെ മറ്റൊരു സവിശേഷതയാണ്. വിവിധ ബ്ലോഗുകളിലെയും വെബ്പേജുകളിലെയും വാർത്തകൾ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഒന്നിച്ച് കാണിക്കുന്ന സോഫ്റ്റ്വെയർ സംവിധാനമാണ് അഗ്രിഗേറ്ററുകൾ. തനിമലയാളം (www.thanimalayalam.org), ചിന്ത (www.chintha.com/malayalam/blogroll.php), ബ്ലോഗ് ലോകം (bloglokam.org), മോബ്ചാനൽ (www.mobchannel.org) സ്മാർട്ട് നീഡ്സ് (www.smartneeds.net) തുടങ്ങിയവ ഇത്തരം അഗ്രിഗേറ്ററുകളാണ്.

മലയാള ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇപ്പോൾ ബ്ലോഗിന് വൻപ്രാധാന്യമാണ് നൽകുന്നത്. ബ്ലോഗിലെ പോസ്റ്റുകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാനും ചില മാധ്യമങ്ങൾ മുന്നോട്ടുവന്നിരിക്കുന്നു. മലയാളത്തിലെ ബ്ലോഗ് പോസ്റ്റുകൾ പുസ്തക രൂപത്തിലും ഇതിനകം പ്രസിദ്ധീകരിച്ചു.



**ആശയവിനിമയത്തിനായി വെബ്ബിൽ സൂക്ഷിക്കുന്ന അറിവിന്റെ ശകലങ്ങളാണ് ബ്ലോഗുകളെന്ന് പറയാം. വ്യക്തികളുടെ ചിന്തകളും ആശയങ്ങളും പങ്കുവെക്കുന്ന ഓൺലൈൻ ഡയറിക്കുറിപ്പുകളെന്നും ഇതിനെ വിശേഷിപ്പിക്കാം. ആർക്കും എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതാണ് ബ്ലോഗ് നിർമാണവും പരിപാലനവും.**

1997 മുതൽ ബ്ലോഗിംഗ് തുടങ്ങിയെങ്കിലും 2002-2004 കാലത്താണ് വ്യാപകമായത്. മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി 2005-ൽ ബ്ലോഗുകളെ സംബന്ധിച്ച് നടത്തിയ പഠനത്തിലെ വിവരങ്ങളനുസരിച്ച് പുരുഷൻമാരെക്കാൾ സ്ത്രീകളാണ് ഈ രംഗത്തുള്ളത്. ഇറാഖ് യുദ്ധം, സെപ്റ്റംബർ പതിനൊന്ന് സംഭവങ്ങൾ ഇതിന് ആക്കംകൂട്ടിയെന്നതും ശ്രദ്ധേയമാണ്. പത്രപ്രവർത്തകർക്ക് പ്രവേശന നിയന്ത്രണമുണ്ടായിരുന്ന ഇറാഖ് യുദ്ധത്തിൽ ബ്ലോഗുകളാണ് വാർത്തയുടെ പ്രധാന ഉറവിടമായത്. Riverbendblog.blogspot.com വെബ്സൈറ്റിൽ ഇറാഖ് യുവതി തയാറാക്കിയ 'Baghdad Burning' എന്ന ബ്ലോഗിലൂടെ, പരമ്പരാഗത മാധ്യമങ്ങൾ പകരാത്ത ഒട്ടേറെ വിവരങ്ങളാണ് പുറത്തുവന്നത്. ഇത്തരം സാധ്യതകൾകൊണ്ടുതന്നെ പലപ്പോഴും ഇതര മാധ്യമങ്ങൾ ബ്ലോഗുകളിൽ നിന്ന് വാർത്തകൾ ഉദ്ധരിക്കാറുണ്ട്. ബ്ലോഗർമാരിലധികവും 23-25 പ്രായക്കാരാണത്രെ. 2004 നവംബറിലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പോടെ ബ്ലോഗുകളുടെ ഉപയോഗത്തിൽ വൻ വർധനവുണ്ടായെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തവണ അമേരിക്കൻ പ്രസിഡന്റ് പദവിയിലേക്കുള്ള മത്സരത്തിൽ ഒബാമയെ തുണക്കുന്നതിൽ ബ്ലോഗുകൾക്ക് സുപ്രധാന പങ്കുണ്ടെന്നാണ് വാർത്ത.

ഡിജിറ്റൽ കാമറകളുടെയും കാമറ ഘടിപ്പിച്ച മൊബൈൽ ഫോണുകളുടെയും പ്രചാരത്തോടെ ബ്ലോഗിന്റെ സാധ്യത ഗണ്യമാംവിധം വർധിച്ചിരിക്കുകയാണ്. ബ്ലോഗുകൾക്കായി സെർച്ച് എഞ്ചിനുകളും നിലവിൽ വന്നിരിക്കുന്നു. blogsearchengine.com എന്ന വെബ്സൈററ് വിവിധ വിഭാഗങ്ങളിലെ പ്രമുഖ ബ്ലോഗുകൾ കാണാനും സെർച്ച് ചെയ്യാനും അവസരമൊരുക്കുന്നു. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ബ്ലോഗിംഗിന് സർക്കാർ അംഗീകാരമുണ്ട്. അവനവന്റെ വ്യക്തിത്വം വെളിപ്പെടുത്താതെയും ബ്ലോഗ് ചെയ്യാൻ നിയമ പരിരക്ഷ നൽകുന്നു. ബ്ലോഗർക്ക് ഇതര മാധ്യമ പ്രവർത്തകരെപ്പോലെത്തന്നെ സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന രേഖകൾ പരിശോധിക്കാനുള്ള അവകാശവും നൽകിയിരിക്കുന്നു. ഇന്ത്യൻ ബ്ലോഗർമാർക്ക് അക്രെഡിറ്റേഷൻ നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ഏറെ സന്തോഷത്തോടെയാണ് നേരത്തെ ഈ മേഖല സ്വീകരിച്ചത്. ഈസമയത്ത് മലയാളത്തിൽ കാര്യമായ ഒരു 'ബൂലോഗ' കൂട്ടായ്മ നിലവിലില്ലായിരുന്നു.

ഇപ്പോൾ മലയാളം ബൂലോകം അത്യന്തം സജീവമായിരിക്കുകയാണ്. ആശയവിനിമയ ലോകത്ത് വലിയൊരു കുതിച്ചു ചാട്ടമാണിത്. കൊച്ചുകുട്ടികൾക്കു വരെ തങ്ങളുടെ പ്രബന്ധങ്ങളും കഥകളും കവിതകളും ചിത്രങ്ങളുമൊക്കെ അതിവിശാലമായ ഇതിന്റെ ലോകത്ത് പ്രസിദ്ധീകരിക്കാനുള്ള സൗകര്യമൊരുങ്ങിയിരിക്കയാണ്. കുറുമാനും അവറാൻ കുട്ടിയും അന്തോണി ആന്റണിയും ഇടിവാളും ഭൂമിപുത്രിയും കാന്താരിക്കുട്ടിയും ഇഞ്ചിപ്പെണ്ണും പോക്കിരി വാസുവും പച്ചാളവും പോളച്ചനും പടൂസും വാവക്കാടനുമൊക്കെ മലയാളം ബൂലോഗത്ത് മുന്നേറുകയാണ്. അത്യന്തം രസകരമായൊരു ലോകം തന്നെയാണത്. ബ്ലോഗ് അടുത്ത് പരിചയപ്പെട്ടാൽ പിന്നെ നിങ്ങളതിൽ നിന്ന് പിൻമാറുന്ന പ്രശ്നമില്ല. രസകരമെന്ന് മാത്രമല്ല പഠനാർഹമായ ആയിരക്കണക്കിന് കുറിപ്പുകൾക്കൊപ്പം ഗവേഷണ പ്രബന്ധങ്ങൾ വരെ നിങ്ങൾക്കവിടെ ലഭിക്കും. ചൂടുള്ള വാർത്തകൾക്കൊപ്പം ലോകത്തെങ്ങുമുള്ള മലയാളികളുടെ പ്രതികരണങ്ങളും ഒന്നിച്ചു ലഭിക്കുന്നു.

ബ്ലോഗർമാർക്ക് അവരവരുടെ ആശയങ്ങളുണ്ട്. വ്യത്യസ്ത ചിന്താഗതിക്കാർ. വിവിധ രാഷ്ട്രീയ കക്ഷികളിൽ പ്രവർത്തിക്കുന്നവർ, വിവിധ മതവിഭാഗക്കാർ. മതമില്ലാത്തവരും ഇക്കൂട്ടത്തിലുണ്ട്. എല്ലാവരെയും ഒന്നിപ്പിക്കുന്നതാണ് 'ബൂലോഗ'മെന്ന ഈ വിശാല പ്രപഞ്ചം. പാഠപുസ്തക വിവാദവും ആണവക്കരാറുമൊക്കെ ബ്ലോഗിലും പ്രതിഫലിക്കുന്നു. അതേസമയം ഹൃദയ വിശാലതയിലും പരസ്പര ബഹുമാനത്തിലും ബ്ലോഗർമാർ മാതൃകയാവുകയാണ്. ബ്ലോഗിലൂടെ അവർ പരസ്പരം ഹൃദയം തുറക്കുന്നു. തങ്ങളുടെ ബ്ലോഗിൽ മറ്റുള്ളവർ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളും പ്രതികരണങ്ങളും വളരെ മാന്യമായിട്ടാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്. ഏതു രീതിയിലെ സംവാദങ്ങൾക്കും അവർ ചെവികൊടുക്കുന്നു. എല്ലാ ആശയങ്ങളും തുറന്ന മനസ്സോടെ അവർ കേൾക്കുന്നു. ബ്ലോഗ് പേജുകൾ പതിവായി സന്ദർശിക്കുന്നവർക്ക് ഇക്കാര്യം ബോധ്യപ്പെടാതിരിക്കില്ല.

മലയാളത്തിൽ എങ്ങനെ ബ്ലോഗ് നിർമിക്കാമെന്ന് നിങ്ങളെ പഠിപ്പിക്കുന്ന വലിയൊരു കൂട്ടം ബ്ലോഗുകൾ തന്നെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ബ്ലോഗ് നിർമാണത്തിന്റെ ആദ്യാക്ഷരി മുതൽ അതിന്റെ സങ്കീർണതകളിലേക്ക് വരെ വെളിച്ചം പകരുന്നവയാണിവ. കമ്പ്യൂട്ടറിൽ മലയാളം ലിപി പ്രത്യക്ഷമാക്കൽ, മലയാളം യൂണികോഡ് ഉപയോഗം, മലയാളം ടൈപ്പിംഗ്, മലയാളം ഫോണ്ട് ഇൻസ്റ്റാൾ ചെയ്യൽ, ബ്ലോഗ് പേജുകളുടെ ക്രമീകരണം, ഫോട്ടോ, പ്രസന്റേഷൻ പ്രോഗ്രാമുകൾ, വീഡിയോ ക്ലിപ്പുകൾ തുടങ്ങിയവ ബ്ലോഗിലേക്ക് കൂട്ടിച്ചേർക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഈ ബ്ലോഗുകൾ വിശദീകരിക്കുന്നു. മലയാളത്തിൽ ബ്ലോഗ് കൂടുതൽ ജനപ്രിയമാക്കാനായി കേരളാ ബ്ലോഗ് അക്കാദമി പോലുള്ള ബ്ലോഗർമാരുടെ കൂട്ടായ്മകളും രംഗത്തുണ്ട്.

ബ്ലോഗ് ഹെൽപ്‌ലൈൻ (http://bloghelpline.blogspot.com), സാങ്കേതികം (sankethikam.blogspot.com), ഇ പത്രം (epathram.com/home/boologam), കേരള ബ്ലോഗ് അക്കാദമി (keralablogacademy.blogspot.com), എങ്ങനെ മലയാളം ബ്ലോഗ് തുടങ്ങാം (howtostartamalayalamblog.blogspot.com), നിങ്ങൾക്കായി(ningalkkai.blogspot.com), ബ്ലോഗ് സഹായി(blogsahayi.blogspot.com) തുടങ്ങിയ ഒട്ടേറെ ബ്ലോഗ് സൈറ്റുകളാണ് ഈ രീതിയിൽ രംഗത്തെത്തിയിരിക്കുന്നത്.

ചുരുക്കത്തിൽ ആശയ വിനിമയ ലോകത്ത് അതിവിശാലമായൊരു ഭൂമികയാണ് ബ്ലോഗിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. കാലഘട്ടത്തിന്റെ മാധ്യമമായി ബ്ലോഗ് വളരുകയാണ്. അതിരുകളും പരിധികളുമില്ലാത്ത വ്യക്തി ബന്ധങ്ങളുടെ അതിവിശാല ലോകം. പ്രബോധന പ്രവർത്തനങ്ങളിൽ ഇത് വൻതോതിൽ പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ■

vkabdu@gmail.com

**ബ്ലോഗ് അടുത്ത് പരിചയപ്പെട്ടാൽ പിന്നെ നിങ്ങളതിൽ നിന്ന് പിൻമാറുന്ന പ്രശ്നമില്ല. രസകരമെന്ന് മാത്രമല്ല പഠനാർഹമായ ആയിരക്കണക്കിന് കുറിപ്പുകൾക്കൊപ്പം ഗവേഷണ പ്രബന്ധങ്ങൾ വരെ നിങ്ങൾക്കവിടെ ലഭിക്കും. ചൂടുള്ള വാർത്തകൾക്കൊപ്പം ലോകത്തെങ്ങുമുള്ള മലയാളികളുടെ പ്രതികരണങ്ങളും ഒന്നിച്ചു ലഭിക്കുന്നു.**